പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *574 — 10.7.2012-ൽ മറുപടിയ്ക്ക്

## നാണ്യവിളകളുടെ വിലയിടിവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>,, എ. കെ. ബാലൻ :<br>,, ഇ. പി. ജയരാജൻ :<br>,, ബി. ഡി. ദേവസ്സി : | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കു വഹിക്കുന്ന നാണ്യ വിളകൾ എന്തെല്ലാമാണെന്ന് വിലയി രുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;; | (എ) | ഉണ്ട്.<br>തെങ്ങ്, കുരുമുളക്, ഏലം, ഇഞ്ചി, റബ്ബർ , കാപ്പി, തേയില എന്നിവയാണ് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന നാണ്യവിളകളായി കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ബി) ഇതിൽ സമീപഭാവിയിൽ വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുന്നത് ഏതെല്ലാം വിളകൾക്കാണ് എന്നറിയിക്കാമോ; | (ബി) | സമീപകാലത്ത് നാളികേരത്തിനാണ് (കൊപ്ര, വെളിച്ചെണ്ണ) ഏറ്റവും രൂക്ഷമായ വിലയിടവ് നേരിടുന്നത്. കൂടാതെ ഇഞ്ചി , ഏലം എന്നീ വിളകൾക്കും വിലയിടവ് നേരിടുന്നുണ്ട്. റബ്ബറിനും ചെറിയ തോതിൽ വില കുറഞ്ഞിട്ടുണ്ട്. |
| (സി) ഇതിൽ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽപ്പെടുത്തിയിരിക്കുന്ന നാണ്യവിളകൾ ഏതെല്ലാമാണെന്നറി യിക്കാമോ; | (സി) | കുരുമുളക് , അടയ്ക്ക, കൊക്കോ , വാനില , കാപ്പി, ഇഞ്ചി എന്നീ വിളകളെയാണ് കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. എന്നാൽ 21.01.2012-ലെ സർക്കാർ ഉത്തരവ് നമ്പർ.15/2012/എഡി പ്രകാരം ഏലവും ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. |

(ഡി) കേന്ദ്രസർക്കാർ അന്താരാഷ്ട്ര തലത്തിൽ ഒപ്പുവച്ചിട്ടുള്ള ആസിയൻ രാജ്യങ്ങളുമായുള്ള സ്വതന്ത്ര വിപണി കരാർപോലുള്ള മറ്റ് കരാറുകൾ ഈ നാണ്യവിളകളുടെ വിലയിടിവിന് കാരണമായിട്ടുണ്ടോയെന്ന പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പരിശോധിച്ചിട്ടുണ്ട്. ഈ വിളകളുടെ വിലയിടവിന് ആസിയൻ പോലുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ കാരണമായി എന്ന് പറയാനാവില്ല. എന്നാൽ തീരുവ കുറച്ച് മറ്റു രാജ്യങ്ങളിൽ നിന്നും നാണ്യവിളകൾ ഇറക്കുമതി ചെയ്യുന്നത് ഇവയുടെ വിലയിടവിന് കാരണമാകാറുണ്ട്. പാമോയിലുൾപ്പെടെയുള്ള ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിയും സമീപ സംസ്ഥാനങ്ങളിൽ നിന്നും വെളിച്ചെണ്ണ കേരളത്തിൽ എത്തിച്ചേരുന്നതും കേരളത്തിലെ വെളിച്ചെണ്ണ വില കുറയുന്നതിന് കാരണമായിട്ടുണ്ട്.

റബ്ബറിന് ആഭ്യന്തര വിപണിയിൽ ലഭ്യത കൂടുകയും മൊത്തം ആവശ്യം കുറയുകയും ചെയ്തതാണ് വില കുറയാൻ കാരണമായത്.

(ഇ) നാണ്യവിളകളുടെ വിലയിടിവ് നേരിടുന്നതിനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തു തുകയാണ് 2012-13 ൽ ഇതിലേക്കായി നീട്ടിവെച്ചിട്ടുള്ളത്. വിശദമാക്കാമോ ?

(ഇ) നാളികേരത്തിനുണ്ടായിരിക്കുന്ന വിലയിടവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കൊപ്ര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാർ അതാതു വർഷം പ്രഖ്യാപിക്കുന്ന താങ്ങുവിലയനുസരിച്ച് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡ്. മാർക്കറ്റ് ഫെഡ് എന്നിവ മുഖേനയാണ് കൊപ്ര സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള നിരക്കിൽ (മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5,100/- രൂപ ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5,350/- രൂപ പൊതിച്ച പച്ചതേങ്ങ ക്വിന്റലിന് 1,400/- രൂപ) മാർക്കറ്റ് ഫെഡും കേരഫെഡും കൊപ്ര സംഭരിക്കുന്നു. പച്ചതേങ്ങ സംഭരണവും ആരംഭിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡ് മുഖേന 30.6.2012 വരെ 1661.49 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. കേരഫെഡ് മുഖേന , 30.6.2012 വരെ 2400.85 ടൺ മില്ലിംഗ് കൊപ്രയും 1.95 ടൺ ഉണ്ട കൊപ്രയും സംഭരിച്ചിട്ടുണ്ട്.

കേരളത്തിലെ പ്രധാനപ്പെട്ട നാണ്യവിളകളായ കുരുമുളക്, അടയ്ക്ക കൊക്കോ , വാനില , കാപ്പി , ഇഞ്ചി എന്നീ വിളകൾക്കു

ണ്ടാകുന്ന വിലയിടവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കമ്മോഡിറ്റി സെഫ്റ്റി നെറ്റ് പദ്ധതി നടപ്പാക്കി വരുന്നു.

6.3.2010-ലെ സർക്കാർ ഉത്തരവ് 1727/2010 പ്രകാരം 10 കോടി രൂപ ടി പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ടായി കൃഷി ഡയറക്ടറുടെ സ്പെഷ്യൽ റ്റിഎസ്ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 21.01.2012-ലെ സർക്കാർ ഉത്തരവ് നമ്പർ 15/2012/എഡി പ്രകാരം ഏലം കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 1.00 കോടി രൂപ ഏലത്തിന്റെ വിലസ്ഥിരത ഫണ്ടിനായി പ്രസ്തുത കോർപ്പസ് ഫണ്ടിൽ നീക്കി വച്ചു. 2012-ൽ ഇഞ്ചി കൃഷിയ്ക്ക് വിലയിടിവു മൂലം കർഷകർക്ക് നഷ്ടം ഉണ്ടായ സാഹചര്യത്തിൽ ഇതിനുള്ള പരിഹാരമായി ഹെക്ടറിന് 25,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നതിന് എപിസി ചെയർമാനായ ഹൈപവ്വർ കമ്മറ്റി ശുപാർശ ചെയ്തു. അങ്ങനെ 28.04.2012 -ലെ സർക്കാർ ഉത്തരവ് നമ്പർ .113/2012/എഡി പ്രകാരം വിലയിടിവു മൂലം ദുരിതമനുഭവിക്കേണ്ടി വന്ന ഇഞ്ചി കർഷകർക്ക് ഹെക്ടറിന് 25,000/- രൂപ ധനസഹായം നൽകുന്നതിന് ഉത്തരവാകുകയും ചെയ്തു. അതുപ്രകാരം സംസ്ഥാനത്തെ കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലെ ഇഞ്ചി കർഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ച് നഷ്ട പരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Shehana

സെക്ഷൻ ഓഫീസർ